ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 06.30 PM DATE: 02.08.2024

## പ്രധാനവാർത്തകൾ

1). വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിത മേഖലയിൽ നാലാംദിനവും തിരച്ചിൽ തുടരുന്നു. റഡാർ, തെർമൽ സ്കാനർ എന്നിവ ഉപയോഗിച്ചാണ് പരിശോധന. ചാലിയാറിലും തിരച്ചിൽ തുടർന്നു.

2) പുനരധിവാസത്തിന് ആവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മന്ത്രി മുഹമ്മദ് റിയാസ്. ദുരന്തബാധിതമേഖലയിലെ അതിഥി തൊഴിലാളികളുടെ കണക്കുകൾ ശേഖരിക്കുന്നതായും മന്ത്രി.

3) കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്. നാല് ജില്ലകളിൽ മഞ്ഞ ജാഗ്രത.

4) കർക്കടക വാവുബലിക്കുള്ള ഒരുക്കങ്ങൾ സംസ്ഥാനത്ത് പൂർത്തിയായി.

5) പാരീസ് ഒളിമ്പിക്സ് ഷൂട്ടിങ് വനിതകളുടെ 25 മീറ്റർ പിസ്റ്റൾ വിഭാഗത്തിൽ മനു ഭാക്കർ ഫൈനലിലേക്ക് യോഗ്യത നേടി. അമ്പെയ്ത്ത് മിക്സ്ഡ് ഡബിൾസിൽ അങ്കിത-ധീരജ് സഖ്യം ക്വാർട്ടർ ഫൈനലിൽ.

6) ശ്രീലങ്കയ്ക്കെതിരായ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയ്ക്ക് 231 റൺസ് വിജയലക്ഷ്യം.

RNU TVPM

**************************************************************

## <u>വയനാട് ജനറൽ ഇൻട്രോ</u>

വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിത മേഖലയിൽ നാലാംദിനവും തിരച്ചിൽ തുടരുന്നു. ദുരന്തമേഖലയെ ആറ് സോണുകളാക്കി തിരിച്ചാണ് ഇന്ന് തിരച്ചിൽ നടന്നത്. സൈന്യം, ദുരന്ത പ്രതികരണ സേന, ഡി.എസ്.ജി, കോസ്റ്റ് ഗാർഡ്, നേവി, എംഇജി എന്നിവയുൾപ്പെട്ട സംയുക്ത സംഘത്തിന്റെ 40 ടീമുകളാണ് ഇന്ന് തിരച്ചിൽ നടത്തിയത്. പടവെട്ടിക്കുന്നിൽ നിന്ന് നാല് പേരെ കൂടി സൈന്യം കണ്ടെത്തി സുരക്ഷിത സ്ഥാനത്തെത്തിച്ചു. റഡാർ, തെർമൽ സ്കാനർ ഉപയോഗിച്ചുള്ള പരിശോധനയും ദുരന്തബാധിതമേഖലയിൽ ഇന്ന് നടന്നു. കഡാവർ നായകളും തിരച്ചിലിന് സഹായിക്കുന്നുണ്ട്. ചാലിയാർ കേന്ദ്രീകരിച്ച് നിലമ്പൂർ മേഖലയിലും ഇന്ന് തിരച്ചിൽ തുടർന്നു. സൂചിപ്പാറ വനമേഖലയിലും രണ്ട് സംഘങ്ങൾ ഇന്ന് തിരച്ചിൽ നടത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ്**

**(VOICE….)**

**************************************************************

## <u>റഡാർ പരിശോധന</u>

മുണ്ടക്കൈയിൽ ഇന്ന് നടത്തിയ ഹ്യൂമൻ സെൻസർ റഡാർ പരിശോധനയിൽ ശ്വാസത്തിൻറെ സിഗ്നൽ ലഭിച്ചതായി സാങ്കേതിക വിദഗ്ധർ. മൂന്ന് മീറ്റർ ആഴത്തിൽ തുടർച്ചയായി സിഗ്നൽ ലഭിച്ചതായും വിദഗ്ധർ പറഞ്ഞു. എന്നാൽ, അത് മനുഷ്യജീവൻറെ സാന്നിധ്യമാണോ എന്ന്

RNU TVPM

വ്യക്തമല്ല. ഇക്കാര്യം സ്ഥിരീകരിക്കുന്നതിനായി പരിശോധന തുടരുകയാണ്.

**************************************************************

## <u>മന്ത്രിസഭാ ഉപസമിതി</u>

ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസത്തിന് ആവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മന്ത്രി മുഹമ്മദ് റിയാസ്. ദുരന്തബാധിതമേഖലയിലെ അതിഥി തൊഴിലാളികളുടെ കണക്കുകൾ ശേഖരിക്കുന്നതായും മന്ത്രി അറിയിച്ചു. കാണാതായ 218 പേരിൽ ടൂറിസ്റ്റുകൾ, അതിഥി തൊഴിലാളികൾ എന്നിവരെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ക്യാമ്പുകളിൽ അനാവശ്യ സന്ദർശനം ഒഴിവാക്കണമെന്നും ജനങ്ങളുടെ സ്വകാര്യതയെ മാനിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

RNU TVPM

**************************************************************

## <u>വയനാട് 2</u>

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ 210 മരണങ്ങൾ സംസ്ഥാന സർക്കാർ ഔദ്യോഗികമായി സ്ഥിരീകരിച്ചു. ഇതിൽ 146 പേരെ ബന്ധുക്കൾ തിരിച്ചറിഞ്ഞിട്ടുണ്ട്. 134 ശരീരഭാഗങ്ങളും കണ്ടെത്തി. മരണസംഖ്യ 300 കടന്നതായാണ് ദുരന്തമേഖലയിൽ നിന്നുള്ള റിപ്പോർട്ടുകൾ. 200-ഓളം പേരെയാണ് ഇനി കണ്ടെത്താനുള്ളത്. ഇന്ന് നടന്ന തിരച്ചിലിൽ 14 മൃതദേഹങ്ങൾ കൂടി കണ്ടെത്തി. സൈന്യത്തിൻറ നേതൃത്വത്തിൽ ചൂരൽമലയിൽ നിർമിച്ച ബെയിലി പാലം ഇന്നലെയോടെ പ്രവർത്തനക്ഷമമായത് ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ വേഗം വർദ്ധിപ്പിച്ചിട്ടുണ്ട്.

ദുരന്തബാധിത പ്രദേശത്തു നിന്നും 2,300 ലധികം പേരെയാണ് 9 ദുരിതാശ്വാസ ക്യാമ്പുകളിലായി മാറ്റിപ്പാർപ്പിച്ചിരിക്കുന്നത്.

**********************************************************

## സംസ്കാരം - ശ്മശാനം

വയനാട് - മേപ്പാടി പ്രകൃതി ദുരന്തത്തിൽ മരിച്ചവരിൽ തിരിച്ചറിയാൻ സാധിക്കാത്ത മൃതദേഹങ്ങൾ ജില്ലയിലെ പൊതുശ്മശാനങ്ങളിൽ സംസ്കരിക്കാൻ തീരുമാനിച്ചു. തിരിച്ചറിയാൻ കഴിയാത്ത 74 ഭൗതികശരീരങ്ങളാണ് മേപ്പാടി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സൂക്ഷിച്ചിട്ടുള്ളത്. മൃതദേഹങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് കൈമാറി നടപടികൾ പൂർത്തിയാക്കും.

**********************************************************

## ദുരന്തബാധിത പ്രദേശം

വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തും, വൈത്തിരി താലൂക്കിലെ വെള്ളാർമല, കോട്ടപ്പടി, തൃക്കൈപ്പറ്റ വില്ലേജുകളും ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവിട്ടു. ദുരന്ത ബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതിലൂടെ ദുരിതാശ്വാസ പുനർനിർമ്മാണ സഹായങ്ങളും, വായ്പ മൊറട്ടോറിയം, ഇൻഷുറൻസ് ക്ലെയിമുകൾ എന്നിവയും എളുപ്പത്തിൽ ലഭിക്കുന്നതിന് ഇതിലൂടെ സാധിക്കും.

**********************************************************

## ദുരിതാശ്വാസ നിധി സംഭാവന

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതർക്കുള്ള സഹായമായി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കഴിയുന്നവരെല്ലാം സംഭാവന നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ

RNU TVPM

അഭ്യർത്ഥിച്ചു. ദുരിതാശ്വാസ നിധിയിലേക്ക് വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർ സംഭാവന നൽകുന്നത് തുടരുകയാണ്. തിരുവനന്തപുരം നഗരസഭ 2 കോടി രൂപയുടെ ചെക്ക് **CMDRF** ലേയ്ക്ക് ഇന്ന് കൈമാറി. മേയറുടെ ഒരുമാസത്തെ ഓണറേറിയം തുകയും ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയിട്ടുണ്ട്. പാലക്കാട്, കോട്ടായി ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിലെ 50-തോളം കുട്ടികൾ സമാഹരിച്ച 15,400 രൂപയും ദുരിതാശ്വാസ നിധിയിലേക്കായി കൈമാറി.

*************************************************************

## മന്ത്രി ആർ ബിന്ദു

RNU TVPM

വയനാട്ടിൽ പ്രകൃതിക്ഷോഭത്തെ തുടർന്ന് പാർപ്പിടം നഷ്ടമായവരിൽ നൂറ്റമ്പത് കുടുംബങ്ങൾക്ക് നാഷണൽ സർവീസ് സ്കീം സർക്കാരിൻറെ പൊതുദൗത്യത്തോട് പങ്കുചേർന്ന് വീടുകൾ പണിതു നൽകുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു അറിയിച്ചു. ദുരന്തബാധിത മേഖലയിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ എൻ.എസ്.എസ്.നൽകുമെന്നും മന്ത്രി അറിയിച്ചു.

*************************************************************

## മഴ ജാഗ്രത

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മുതൽ ഞായറാഴ്ച വരെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസ്സമില്ല. എന്നാൽ

കർണാടക തീരത്ത് മീൻപിടിത്തത്തിന് പോകരുത്.കേരള - തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി വരെ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

*********************************************************************************************************

**<u>കോഴിക്കോട് - (ഇൻട്രോ)</u>**

കോഴിക്കോട് ജില്ലയിൽ മഴയുടെ ശക്തി കുറഞ്ഞു. നദികളിലെ ജലനിരപ്പിൽ കുറവുണ്ട്. എന്നാൽ കക്കയം ഡാമിൽ വൃഷ്ടിപ്രദേശത്ത് മഴ തുടരുന്നതിനാൽ ഡാമിൻറെ രണ്ട് ഷട്ടറുകൾ ഒരടിവരെ ഘട്ടം ഘട്ടമായി ഉയർത്തും. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് അധികൃതർ മുന്നറിയിപ്പ് നൽകി.

**വിശദാംശങ്ങളുമായി ആകാശവാണി**

**കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

**(വോയിസ്......)**

*********************************************************************************************************

**<u>പാലക്കാട് - വിനോദസഞ്ചാരം</u>**

പാലക്കാട് ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളായ മലമ്പുഴ, കാഞ്ഞിരപ്പുഴ, പോത്തുണ്ടി, മംഗലം ഡാം എന്നിവ നാളെ മുതൽ തുറന്ന് പ്രവർത്തിക്കുമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. അതേസമയം ജില്ലയിലെ വെള്ളച്ചാട്ടങ്ങളിലേക്കുള്ള പ്രവേശനം ഇനി ഒരു അറിയിപ്പ് ഉണ്ടാവുന്നതുവരെ കർശനമായി നിരോധിച്ചിരിക്കുന്നതായും ജില്ലാ കളക്ടർ അറിയിച്ചു.

*********************************************************************************************************

RNU TVPM

## <u>കണ്ണൂർ - മഴ, ക്യാമ്പ്</u>

കണ്ണൂർ ജില്ലയിൽ  മഴ വീണ്ടും ശക്തമായി. പത്ത് ദുരിതാശ്വാസ ക്യാമ്പുകൾ ജില്ലയിൽ പ്രവർത്തിക്കുന്നു 16 കുടുംബങ്ങളിലെ 374 പേർ ക്യാമ്പുകളിൽ ഉണ്ട്. ഇന്ന് മൂന്ന് വീടുകൾ ഭാഗികമായി തകർന്നു.

*************************************************************

## <u>കാസർകോട് - മഴ</u>

കാസർഗോഡ് ജില്ലയിൽ രാവിലെ മുതൽ അതിശക്തമായ മഴയാണ് പെയ്യുത് കൊണ്ടിരിക്കുന്നത്. മലയോര മേഖലയിലെ നിരവധി കുടുംബങ്ങളെ ചുള്ളിക്കയിലെ ക്യാമ്പിലേക്ക് മാറ്റിയിട്ടുണ്ട്. ജില്ലയിലെ എല്ലാപുഴകളും കരകവിഞ്ഞ് ഒഴുകുന്ന സാഹചര്യത്തിൽ കനത്ത ജാഗ്രത പാലിക്കണമെന്ന് ജില്ലാ ഭരണകൂടം നിർദ്ദേശിച്ചു.

RNU TVPM

*************************************************************

## <u>കർക്കടക വാവ്</u>

നാളെ കർക്കടക വാവ്. വാവുബലിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഒരുക്കങ്ങൾ പൂർത്തിയായി. മോശം കാലാവസ്ഥയുടെ പശ്ചാത്തലത്തിൽ ബലിതർപ്പണ കേന്ദ്രങ്ങളിലും സ്നാന ഘട്ടങ്ങളിലും  സുരക്ഷിതമായ ബലിതർപ്പണം നടത്തുന്നതിനുള്ള എല്ലാവിധ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. ആലുവ മണപ്പുറം, തിരുവല്ലം, ശംഖുമുഖം, വർക്കല, തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിൽ ബലിതർപ്പണ ചടങ്ങുകൾക്കുള്ള ക്രമീകരണങ്ങൾ പൂർത്തിയായി. അമാവാസി രണ്ട് ദിവസങ്ങളിലായതിനാൽ ചിലയിടങ്ങളിൽ ഞായറാഴ്ചയാണ് വാവുബലി.

*************************************************************

**ഒളിമ്പിക്സ്**

പാരീസ് ഒളിമ്പിക്സ് ഷൂട്ടിങ്ങിൽ വനിതകളുടെ 25 മീറ്റർ പിസ്റ്റൾ വിഭാഗത്തിൽ മനു ഭാക്കർ ഫൈനലിലേക്ക് യോഗ്യത നേടി. അമ്പെയ്ത്ത് മിക്സഡ് ഡബിൾസിൽ ഇന്ത്യയുടെ അങ്കിത-ധീരജ് സഖ്യം ക്വാർട്ടർ ഫൈനലിൽ കടന്നു. ജൂഡോയിൽ വനിതകളുടെ 78 കിലോ വിഭാഗത്തിൽ തൂലിക മാൻ ക്യൂബൻ താരത്തോട് പരാജയപ്പെട്ടു. ബാഡ്മിൻറൺ പുരുഷ സിംഗിൾസിൽ ക്വാർട്ടർ ഫൈനലിൽ ഇന്ന് ലക്ഷ്യ സെൻ ചൈനീസ് താരത്തെ നേരിടും.
ഹോക്കിയിൽ പൂൾ-ബി മത്സരത്തിൽ, ഇന്ത്യ, ഓസ്ട്രേലിയയെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് പരാജയപ്പെടുത്തി.

****************************************************************************

**ക്രിക്കറ്റ്**

കൊളംബോയിൽ നടക്കുന്ന ഇന്ത്യ - ശ്രീലങ്ക ഏകദിന പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യക്ക് 231 റൺ വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ശ്രീലങ്ക നിശ്ചിത ഓവറിൽ എട്ടു വിക്കറ്റ് നഷ്ടത്തിൽ 230 റൺസെടുത്തു. മൂന്ന് മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

****************************************************************************

**പുഞ്ച - പമ്പിംഗ്**

പുഞ്ച പമ്പിങ് സബ്സിഡി ഇനത്തിൽ 35.16 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ . ആലപ്പുഴ, കോട്ടയം, തൃശൂർ ജില്ലകളിലെ പുഞ്ച സ്പെഷ്യൽ ഓഫീസുകൾക്കാണ് തുക അനുവദിച്ചത്.

****************************************************************************

RNU TVPM

**എം.വി ഗോവിന്ദൻ**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സി.പി.ഐ.എം 25 ലക്ഷം രൂപ സംഭാവന ചെയ്യുന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി സുതാര്യമാണെന്നും, ദുരിതാശ്വാസ നിധിയ്ക്കെതിരെ നടക്കുന്നത് കള്ള പ്രചാരണമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സി പി ഐ (എം) പാർട്ടി കോൺഗ്രസ് ഏപ്രിലിൽ തമിഴ്നാട്ടിൽ നടത്തുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

**************************************************

**************************************************

**************************************************

RNU TVPM